# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.05.2026** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. രാജ്യത്ത് 14 ഖാരിഫ് വിളകളുടെ താ ങ്ങുവില വർദ്ധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. 824 ലക്ഷം മെട്രിക് ടണ്ണിൽ അധികം വിളകൾ സംഭരിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

   **The Cabinet Committee on Economic Affairs (CCEA) has approved increase in Minimum Support Prices (MSP) for 14 Kharif Crops for Marketing Season 2026-27. Union Minister Ashwini Vaishnaw said that more than 82.4 million metric tonnes of crops will be procured.**

2. കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയെ നാളെ പ്രഖ്യാപിക്കുമെന്ന് കോൺഗ്രസ് കേന്ദ്ര നേതൃത്വം.

   **The AICC has announced that Kerala's new Chief Minister will be declared tomorrow.**

3. തമിഴ്നാട് നിയമസഭയിൽ വിശ്വാസ വോട്ട് നേടി **TVK** സർക്കാർ. പുതുച്ചേരിയിൽ **AINRC** നേതാവ് എൻ. രംഗസാമി മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു.

   **In Tamil Nadu, C. Joseph Vijay-led TVK government wins floor test in State Assembly with comfortable majority; N. Rangasamy sworn in as Chief Minister of Puducherry.**

4. **CBSE** 12-ാം ക്ലാസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. വിജയശതമാനം 85.20. വിജയശതമാന ത്തിൽ തിരുവനന്തപുരം മേഖല മുന്നിൽ.

   **The CBSE Class 12 examination results have been announced. The pass percentage is 85.20. The Thiruvananthapuram region has secured the highest pass percentage.**

5. രാജ്യത്ത് തെക്ക്-പടിഞ്ഞാറൻ കാലവർഷം ഈ ആഴ്ച അവസാനത്തോടെ എത്തിയേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**The India Meteorological Department has said that the southwest monsoon is likely to reach by the end of this week. Yellow alert has been issued today in five districts of the state.**

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് പോരാട്ടം.

**In the IPL cricket Royal Challengers Bengaluru will take on Kolkata Knight Riders today.**

&&&&&&&&&&&&&&&&&&&&

## CABINET - DECISION (INTRO)

രാജ്യത്ത് 14 ഖാരിഫ് വിളകളുടെ താങ്ങുവില വർദ്ധിപ്പിക്കാൻ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. ന്യൂഡൽഹിയിൽ മന്ത്രിസഭാ യോഗത്തിന് ശേഷം കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവാണ് ഈ കാര്യം അറിയിച്ചത്. ഈ സീസണിൽ 824 ലക്ഷം മെട്രിക് ടണ്ണിൽ അധികം വിളകൾ സംഭരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

(ബൈറ്റ്- അശ്വിനി വൈഷ്ണവ്)

37,500 കോടി രൂപയുടെ സാമ്പത്തിക വിഹിതമുള്ള ഉപരിതല കൽക്കരി, ലിഗ്നൈറ്റ് ഗ്യാസിഫിക്കേഷൻ പ്രോത്സാഹന പദ്ധതിക്കും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. ഏകദേശം 75 ദശലക്ഷം ടൺ കൽക്കരി, ലിഗ്നൈറ്റ് ഗ്യാസിഫിക്കേഷൻ ലക്ഷ്യമിടുന്ന പദ്ധതി പ്രകാരം, മൂന്ന് ലക്ഷം കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നതായും ശ്രീ വൈഷ്ണവ് അറിയിച്ചു. നാഗ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നവീകരണത്തിനും കേന്ദ്ര മന്ത്രിസഭ അനുമതി നൽകി.

*****************************

## KERALA - CM

കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയെ നാളെ പ്രഖ്യാപിക്കുമെന്ന് കോൺഗ്രസ് കേന്ദ്ര നേതൃത്വം. ഇത് സംബന്ധിച്ച ചർച്ചകൾ പൂർത്തിയായതായി എഐസിസി മാധ്യമ വിഭാഗം മേധാവി ജയറാം രമേശ് ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അറിയിച്ചതാണ് ഇക്കാര്യം. മുതിർന്ന നേതാവ് രാഹുൽ ഗാന്ധിയും, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗേയും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. മുഖ്യമന്ത്രി സ്ഥാനത്തേക്ക് കെ സി വേണുഗോപാൽ, രമേശ് ചെന്നിത്തല, വി ഡി സതീശൻ എന്നിവരുടെ പേരുകളാണ് പരിഗണയിലുള്ളത്.

*****************************

## TN-FLOOR TEST

തമിഴ്നാട് നിയമസഭയിൽ നടന്ന വിശ്വാസ വോട്ടെടുപ്പിൽ വിജയം നേടി ജോസഫ് വിജയുടെ നേതൃത്വത്തിലുള്ള TVK സർക്കാർ. വോട്ടെടുപ്പിൽ 144 എംഎൽഎമാർ വിജയ്ക്ക് അനുകൂലമായി വോട്ടു ചെയ്തു. 22 പേർ എതിർത്ത് വോട്ട് രേഖപ്പെടുത്തിയപ്പോൾ അഞ്ചു പേർ വിശ്വാസ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു. ഡിഎംകെ അംഗങ്ങൾ സഭയിൽ നിന്നും വാക്കൗട്ട് ചെയ്തു.

*****************************

## RANGASAMY SWORN

പുതുച്ചേരി മുഖ്യമന്ത്രിയായി AINRC നേതാവ് എൻ. രംഗസാമി സത്യപ്രതിജ്ഞ ചെയ്തു. ലോക് നിവാസിൽ നടന്ന ചടങ്ങിൽ ലെഫ്റ്റനന്റ് ഗവർണർ കെ. കൈലാഷ് നാഥൻ സത്യവാചകം ചൊല്ലിക്കൊടുത്തു. അഞ്ചാം തവണയാണ് എൻ രംഗസ്വാമി

പുതുച്ചേരി മുഖ്യമന്ത്രി സ്ഥാനത്തെത്തുന്നത്. ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിൻ ഉൾപ്പടെയുള്ള പ്രമുഖർ സത്യപ്രതിജ്ഞ ചടങ്ങിൽ പങ്കെടുത്തു. 30 അംഗ നിയമസഭയിൽ 18 സീറ്റ് നേടിയാണ് എൻഡിഎ സഖ്യം പുതുച്ചേരിയിൽ തുടർഭരണം നിലനിർത്തിയത്.

*****************************

## REV. WB-OATH CEREMONY

പശ്ചിമ ബംഗാൾ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട എംഎൽഎമാരുടെ സത്യപ്രതിജ്ഞാ ചടങ്ങ് കൊൽക്കത്തയിൽ നടന്നു. മുഖ്യമന്ത്രി സുവേന്ദു അധികാരി ഭബാനിപൂർ സീറ്റിൽ നിന്ന് എംഎൽഎയായി സത്യപ്രതിജ്ഞ ചെയ്തു. അഞ്ച് കാബിനറ്റ് മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്തു. രണ്ട് സെഷനുകളിലായാണ് സത്യപ്രതിജ്ഞാ ചടങ്ങ് നടന്നത്. ഈ മാസം 21-ന് റീപോളിംഗ് നടക്കുന്ന ഫാൽറ്റ മണ്ഡലം ഒഴികെയുള്ള 157 അസംബ്ലി മണ്ഡലങ്ങളിലെ എംഎൽഎമാരും ഇന്ന് സത്യപ്രതിജ്ഞ ചെയ്തു.

*****************************

## PM- CONVOY

പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്നുള്ള ഇന്ധന പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, അകമ്പടി വാഹനങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ നിർദ്ദേശം നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദി. SPG മാനദണ്ഡ പ്രകാരമുള്ള എല്ലാ സുരക്ഷാ ക്രമീകരണങ്ങളും ഉറപ്പുവരുത്തിക്കൊണ്ടാണ് നടപടി. പ്രതിസന്ധിയെ മറികടക്കുന്നതിനായി, ഇറക്കുമതി ഇന്ധനത്തെ ആശ്രയിക്കുന്നത് കുറയ്ക്കണം എന്നതടക്കമുള്ള, പ്രധാനമന്ത്രിയുടെ അഭ്യർത്ഥനയ്ക്ക് അനുസൃതമായാണ് ഈ നീക്കം. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും, വാഹനവ്യൂഹം പകുതിയായി കുറച്ചു.

******************************

## CBSE RESULT

സി ബി എസ്ഇ 12-ാം ക്ലാസ് പരീക്ഷാഫലം പ്രഖ്യാപിച്ചു. 85.20 ശതമാനം വിദ്യാർഥികൾ ഉപരിപഠനത്തിന് അർഹത നേടി. പെൺകുട്ടികളുടെ വിജയശതമാനം 88.86 ശതമാനവും ആൺകുട്ടികളുടേത് 82.13 ശതമാനവുമാണ്. 17 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 15 ലക്ഷത്തിലധികം വിദ്യാർത്ഥികൾ വിജയിച്ചതായി സിബിഎസ്ഇ പ്രസ്താവനയിൽ അറിയിച്ചു. വിദ്യാർത്ഥികൾക്ക് ഔദ്യോഗിക വെബ്സൈറ്റായ ഡിജിലോക്കറിലും ഉമാങ് ആപ്പിലും ഫലം പരിശോധിക്കാം.

******************************

## NEET - CBI

നീറ്റ്-യുജി പരീക്ഷാ ചോദ്യ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് 5 പേരെ സിബിഐ അറസ്റ്റ് ചെയ്തു. മൂന്ന് പേരെ ജയ്പൂരിൽ നിന്നും മറ്റ് രണ്ട് പേരെ ഗുരുഗ്രാമിൽ നിന്നും നാസിക്കിൽ നിന്നുമാണ് അറസ്റ്റ് ചെയ്തത്. നേരത്തെ, പൂനെയിൽ നിന്ന് ഒരു സ്ത്രീയെ പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു. പ്രാഥമിക ചോദ്യം ചെയ്യലിനുശേഷം ഇവരെ സിബിഐക്ക് കൈമാറി.

******************************

## BRICS MEETING-FMs ARRIVAL

ബ്രിക്സ് വിദേശകാര്യമന്ത്രിമാരുടെ രണ്ട് ദിവസത്തെ യോഗത്തിന് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. വിദേശകാര്യമന്ത്രി എസ് ജയശങ്കറിന്റെ അധ്യക്ഷതയിലാണ് യോഗം. യോഗത്തിൽ പങ്കെടുക്കാൻ ഇറാൻ, കസാക്കിസ്ഥാൻ, നൈജീരിയ, ഉസ്ബെക്കിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ ന്യൂഡൽഹിയിലെത്തി. ബ്രിക്സ് അംഗരാജ്യങ്ങളിലെയും പങ്കാളിത്ത രാജ്യങ്ങളിലെയും

വിദേശകാര്യ മന്ത്രിമാരും പ്രതിനിധി സംഘത്തലവന്മാരും സമ്മേളനത്തിൽ പങ്കെടുക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും ബ്രിക്സ് നേതാക്കൾ കൂടിക്കാഴ്ച നടത്തും.

******************************

## PM-FIVE NATION TOUR

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് മറ്റന്നാൾ തുടക്കം. യു.എ.ഇ, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നീ രാജ്യങ്ങളാണ് അദ്ദേഹം സന്ദർശിക്കുന്നത്. യു.എ.ഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സയ്ദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ നെതർലാൻഡ്സിൽ എത്തുന്ന ശ്രീ.മോദി, വില്യം അലക്സാണ്ടർ രാജാവിനെയും പ്രധാനമന്ത്രി റോബ് യെട്ടനെയും സന്ദർശിക്കും. ഞായറാഴ്ച സ്വീഡനും തുടർന്ന് നോർവേയും ഇറ്റലിയും പ്രധാനമന്ത്രി സന്ദർശിക്കും.

******************************

## VIKASITH VIBRANT VIILAGE (INTRO)

വികസിത് വൈബ്രന്റ് വില്ലേജസ് പ്രോഗ്രാം 2026-ദേശീയതല ക്വിസ് മത്സരത്തിന് തുടക്കമായി. ഈ മാസം 20 വരെയാണ് ഓൺലൈൻ ക്വിസ് മത്സരം. മികച്ച പ്രകടനം കാഴ്ചവെക്കുന്നവർക്ക് അടുത്തമാസം സംഘടിപ്പിക്കുന്ന അതിർത്തി ഗ്രാമ വികസന പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.

**വിശദാംശ ങ്ങളിലേക്ക്...**

*(വോയിസ്)*

*കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സഹകരണത്തോടെ യുവജനക്ഷേമ-കായിക മന്ത്രാലയത്തിന്റെ നേതൃത്വത്തിലാണ് ദേശീയതല ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്. MY Bharat പോർട്ടൽ വഴി രാജ്യത്തെമ്പാടുമുള്ള യുവാക്കൾക്ക് മത്സരത്തിൽ പങ്കെടുക്കാൻ അവസരമുണ്ട്. തിരഞ്ഞെടുക്കപ്പെടുന്ന 500 യുവ വോളന്റിയർമാർ ലേ-ലഡാക്ക്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ് എന്നിവയുൾപ്പെടെ രാജ്യത്തിന്റെ പ്രധാന അതിർത്തി പ്രദേശങ്ങളിൽ സാമൂഹിക വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാകും. അതിർത്തി ഗ്രാമങ്ങളുടെ വികസന ലക്ഷ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനൊപ്പം രാഷ്ട്രനിർമ്മാണത്തിലും അതിർത്തി സംരക്ഷണ പ്രവർത്തനങ്ങളിലും യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുകയാണ് വികസിത് വൈബ്രൻ്റ് വില്ലേജ് പദ്ധതിയിയുടെ ലക്ഷ്യം.*
***ന്യൂസ് ഡെസ്ക് ആകാശവാണി...***

*****************************

## HIGH LEVEL MEETING KERALA

സംസ്ഥാനത്തെ വിവിധ ഭരണ, അടിസ്ഥാനസൗകര്യ, ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ തീരുവനന്തപുരത്ത് ഉന്നതതല യോഗം ചേർന്നു. വിവിധ വകുപ്പ് സെക്രട്ടറിമാർ, മേധാവികൾ, ജില്ലാ കളക്ടർമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. LPGയിൽ നിന്ന് PNG-യിലേക്കുള്ള മാറ്റം, സ്കൂൾ തുറക്കലിനുള്ള ഒരുക്കങ്ങൾ, സെൻസസ് പ്രവർത്തനങ്ങൾ, പാമ്പുകടി പ്രതിരോധം, കാലവർഷ മുന്നൊരുക്കങ്ങൾ, ദേശീയ പാത വികസന പ്രവൃത്തികൾ എന്നിവ യോഗം വിലയിരുത്തി.

*****************************

## REV. IMD EARLY MONSOON

തെക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ, ആൻഡമാൻ നിക്കോബാർ ദ്വീപുകൾ എന്നിവിടങ്ങളിൽ ഈ മാസം 16-ഓടെ കാലവർഷം എത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ നിലനിന്നിരുന്ന ന്യൂനമർദ്ദം ശക്തിപ്രാപിച്ച സാഹചര്യത്തിൽ കേരളത്തിലും മാഹിയിലും അടുത്ത 5 ദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയുണ്ട്. അഞ്ച് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

******************************

## IPL

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും. മത്സരം മഴ മൂലം വൈകുന്നു.

******************************

## LAKSHDWEEP - SEAPLANE

ലക്ഷദ്വീപിന്റെ വ്യോമഗതാഗത ചരിത്രത്തിൽ പുതിയ അധ്യായം കുറിച്ച് കൊച്ചി-ലക്ഷദ്വീപ് സീപ്ലെയ്ൻ സർവീസിന്റെ പരീക്ഷണപ്പറക്കൽ വിജയകരമായി പൂർത്തിയായി. സ്കൈ ഹോപ്പ് കമ്പനിയുടെ V.T.S.H.E. സീപ്ലെയ്ൻ ആണ് അഗത്തി ദ്വീപിലെ ലഗൂണിൽ വിജയകരമായി പറന്നിറങ്ങിയത്. ദ്വീപുകൾക്കിടയിലെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് സീ പ്ലേൻ സർവ്വീസുകൾ ഏറെ പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തൽ.

******************************

## SENSEX+GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നേരിയ നേട്ടം. സെൻസെക്സ് 50 പോയിൻറ് നേട്ടത്തിൽ 74 ആയിരത്തി 609 ലും നിഫ്റ്റി 33 പോയിൻറ് നേട്ടത്തിൽ 23 ആയിരത്തി 413-ലും വ്യാപാരം അവസാനിപ്പിച്ചു. സംസ്ഥാനത്ത് സ്വർണവില കുതിച്ചുയർന്നു. പവന് രാവിലെ 10,200 രൂപ കൂടി ഒരു ലക്ഷത്തി 23,120 രൂപയിലെത്തിയത്, ഉച്ച തിരിഞ്ഞ് ഒരു ലക്ഷത്തി 18,800 ആയി കുറഞ്ഞു.

****************************

## INDIA POST - AWARENESS PRG

"ഒരു മേഖല - ഒരു ദൗത്യം: എല്ലാവർക്കും പുതുക്കിയ ആധാർ" പദ്ധതിയുടെ ഭാഗമായി ആധാർ എൻറോൾമെന്റ്, പുതുക്കൽ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കായി കേരള സർക്കിളിലെ കൊച്ചി സെൻട്രൽ റീജിയൺ ശിൽപ്പശാല സംഘടിപ്പിച്ചു. യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്നാണ് ശിൽപ്പശാല സംഘടിപ്പിച്ചത്.

*

**********

**********************************************